# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 07/18(14), വെള്ളിയാഴ്ച** **തീയ്യതി 16.02.2018**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 17.02.2018 | 18.02.2018 | 19.02.2018 | 20.02.2018 | 21.02.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 4 | 2 | 2 | 2 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 97 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 39 | 38 | 35 | 29 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 002 | 002 | 002 | 002 | 002 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 260 | 260 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | പുഞ്ചകൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നില നിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുക. തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുക. തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുക. മണ്ണിന്റെ താപനില ക്രമീകരിക്കാൻ ജൈവാംശം നിലനിർത്തുക. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| കുരുമുളക് | - | കുരുമുളക് തൂകൾ മുറിച്ചു വേരു പിടിപ്പിക്കുന്നതിനായി തവാരണകളിൽ പാകേ സമയമാണിത്. കൊടിത്തലകൾ മുറിച്ച് 2-3 മുട്ടുള്ള കഷണങ്ങളാക്കി പോളിത്തീൻ ഉറകളിൽ നട്ട് മുളപ്പിക്കാം. പോട്ടിങ്ങ് മിശ്രിതത്തിൽ വാം കൾച്ചർ ചേർക്കുന്നത് ചെടികൾക്ക് കരുത്തും രോഗ പ്രതിരോധ ശക്തിയും കൂട്ടും. |
| പച്ചക്കറികൾ (പാവൽ) | കായീച്ച | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലുർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (ഇഅഅഉളളഇഇട, ഗഢഅടഡ, ഒമീഊവ്യേ) | |